ഭരണഭാഷ-മാതൃഭാഷ

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്
പിൻ കോഡ്- 680551
GSTIN:32AAALP2692R1ZG ഫോൺ നമ്പർ : 0487-2307305
secpuzhackal@gmail.com

നമ്പർ: 3715789-2025 **തീയതി : 15-10-2026**

ക്വട്ടേഷൻ നോട്ടീസ്

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലും അനുബന്ധ സ്ഥാപനങ്ങളിലും നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന താഴെ പറയുന്ന കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക പരിപാലനം ഏറ്റെടുക്കുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്രമ.നം	ഇനം	എണ്ണം
1	കമ്പ്യൂട്ടർ	30
2	പ്രിന്റർ (ലേസർ പ്രിന്റർ-11, ഇങ്ക്ജെറ്റ് പ്രിന്റർ-9)	20
3	ഹൈസ്പീഡ് സ്കാനർ	2
4	ലാപ്ടോപ്	12

വ്യവസ്ഥകൾ

1. 1000/- രൂപ ഇ.എം.ഡി ആയി ക്വട്ടേഷനോടൊപ്പം ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

2. മേൽ കൊടുത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ , ലാപ്ടോപ് എന്നിവ സമയാസമയങ്ങളിൽ പരിശോധിച്ച് ആവശ്യമായ മെഷിൻ പാർട്സ് മാറ്റി ഉപയോഗ ക്ഷമമാക്കുന്നതിനുള്ള കരാർ ആണ് എ.എം.സി.യിൽ ഉൾപ്പെടുത്തി നൽകേണ്ടത്.

3. പ്രിന്റർ ടോണർ, റിഫില്ലിങ്ങ്, പ്രിന്റർ ഇങ്ക് എന്നിവ ഒഴികെയുള്ള എല്ലാ കംപോണൻസും എ.എം.സി യിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. നെറ്റ് വർക്കിംഗ് സംബന്ധിച്ച് വരുന്ന എല്ലാ തകരാറുകളും പരിഹരിക്കുന്നത് എ.എം.സി യിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. ക്വട്ടേഷൻ ലഭിക്കേണ്ട അവസാന ദിവസം 27/10/2026 പകൽ 12.00 മണി വരെ.

6. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചകഴിഞ്ഞ് 3.00 മണിയ്ക്ക് സന്നിഹിതരായിട്ടുള്ള പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതിനും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ക്വട്ടേഷൻ ബ്ലോക്ക് പഞ്ചായത്തിന്റെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി അംഗീകരിക്കുന്നതുമാണ്.

7. ക്വട്ടേഷൻ അംഗീകരിക്കുന്ന സ്ഥാപനം ആകെ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡി.ഡി./ക്യാഷ് മുഖാന്തിരം ബ്ലോക്ക് പഞ്ചായത്തിൽ അടയ്ക്കേണ്ടതും 200/രൂപയുടെ മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്.

8. വാർഷിക പരിപാലന കരാർ കാലാവധി കരാർ തീയതി മുതൽ 1 വർഷത്തേക്കായിരിക്കും.

9. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനർ എന്നിവ പരിശോധിക്കണമെങ്കിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് 5.00 PM വരെയുള്ള സമയങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ വന്ന് പരിശോധിക്കാവുന്നതാണ്.

സെക്രട്ടറി

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ -0487-2307305.

-

-

Document certified by Lekha V <lekha100.lm@gmail.com>.
Digitally signed by Lekha V
Date: 2026.10.15 14:32:41 IST
Reason: KSMART